ഉത്തരം

(എ) സ്റ്റേറ്റ് ഹൈവേയായി ഉയർത്തിയിട്ടില്ല. സ്റ്റേറ്റ് ഹൈവേകളാക്കി ഉയർത്താനുള്ള പ്രൊപ്പോസൽ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്നതാണ്.

(ബി)&(സി) പാലക്കൽ മുതൽ 3.75 കി.മീ റോഡ് വീതി കൂട്ടി 4.5 മീറ്റർ വീതിയിൽ ആക്കുന്നതിനുള്ള പണികൾ നടന്നു വരുന്നു. കൂടാതെ 7 കലുങ്കുകളുടെ വീതി കൂട്ടുന്ന പണികളും, റോഡിന്റെ വശങ്ങളിൽ ഓട നിർമ്മിക്കുകയും ചെയ്തു വരുന്നു. ബാക്കിയുള്ള ഭാഗത്തെ അറ്റുകുറ്റപ്പണികളും ഏറ്റെടുത്തിട്ടുണ്ട്.

(ഡി) വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടി വരും. ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തിയശേഷം വീതി കൂട്ടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**78 (502) പയ്യാവൂർ-കുന്നത്തൂർ-കാണി-കൊല്ലി റോഡ്**

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെട്ട ചില സുപ്രധാന റോഡുകൾ (എം.ഡി.ആർ) പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പയ്യാവൂർ-കുന്നത്തൂർ-കാണി-കൊല്ലി റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചില സുപ്രധാന റോഡുകൾ പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ബി) 15.10.99-ലെ ജി.ഒ(ആർറ്റി)നം,953/99/പൊ.മ.വ. പ്രകാരം ഈ റോഡ് പ്രധാന ജില്ലാതല റോഡായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു†

**79 (505) മുണ്ടക്കയം-എരുമേലി റോഡ് പൂർത്തിയാക്കൽ**

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം-എരുമേലി റോഡിന്റെ രണ്ടും മൂന്നും ഘട്ടം പൂർത്തിയാക്കാൻ വേണ്ടി ഇതേവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഇതിനു വേണ്ടി സപ്ലിമെന്ററി ഗ്രാന്റിൽ തുക അനുവദിക്കുന്ന നടപടി എത്രത്തോളമായി എന്ന് വിശദീകരിക്കാമോ;

† അനുബന്ധം-12

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പാവാലി-കോരുത്തോട്-മുണ്ടക്കയം റോഡിൽ വനം വകുപ്പിന്റെ റോഡ് 8 മീറ്റർ ഉള്ളതിനാലും ടാറിട്ടതായതുകൊണ്ടും വനം വകുപ്പിന്റെ അനുവാദം ഇനിയും ആവശ്യമാണോ;

(സി) വനം വകുപ്പിന്റെ അനുവാദം ആവശ്യമില്ലെങ്കിൽ എറണാകുളം-എരുമേലി പമ്പാവാലി ഹൈവേ ദീർഘിപ്പിച്ച് മുണ്ടക്കയം വരെ നീട്ടാനുള്ള തടസ്സം നില നിൽക്കുന്നുണ്ടോ?

ഉത്തരം

(എ) മുണ്ടക്കയം-എരുമേലി റോഡിന്റെ 2-ാം റീച്ചിന്റെ പണി നടന്നു വരുന്നു. 3-ാം റീച്ചിനുള്ള എസ്റ്റിമേറ്റ് വിശദമായ പരിശോധനയിലാണ് ഇതിനു വേണ്ടി അഡീഷണൽ ആതറൈസേഷൻ വഴി തുക വക കൊള്ളിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ആവശ്യമാണ്.

(സി) ബാധകമല്ല.

**80 (506) മാനന്തവാടി താലൂക്കിലെ എം.എൽ.എ. റോഡുകൾ**

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ എത്ര എം.എൽ.എ. റോഡുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്; എത്ര റോഡുകളുടെ പണി പൂർത്തീകരിക്കുവാനുണ്ട്; എത്ര റോഡുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു;

(ബി) എം.എൽ.എ. റോഡുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ;

(സി) കൊട്ടിയൂർ-ബോയിസ് ടൗൺ റോഡിന്റെയും കാട്ടിക്കുളം പുഞ്ചവയൽ റോഡിന്റെയും പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഈ സാമ്പത്തിക വർഷം തന്നെ ഈ റോഡു പ്രവൃത്തികൾ പൂർത്തീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ രണ്ട് എം.എൽ.എ. റോഡുകളാണ് നിലവിലുള്ളത് ഇതിൽ ഒരു റോഡിന്റെ പണി രണ്ട് പാലങ്ങൾ ഒഴികെയുള്ളത് പൂർത്തിയായി. ഒരു റോഡിന്റെ പണി പൂർത്തീകരിക്കാനുണ്ട്.

(ബി) എം.എൽ.എ. റോഡുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(സി) കൊട്ടിയൂർ ബോയ്സ് ടൗൺ റോഡ് ഡബിൾ കവർ സിസ്റ്റം അനുസരിച്ച് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിരിക്കുകയാണ്. കാട്ടിക്കുളം-പുഞ്ചവയൽ റോഡിന്റെ പ്രവൃത്തി രണ്ടു പാലങ്ങൾ ഒഴികെ പൂർത്തിയായി. പാലങ്ങളുടെ പണി അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly